e malayalee.com

# മഹാത്മജിയുടെ രക്തസാക്ഷിത്വദിന സ്മരണകൾ പുതുക്കി ഡാളസ് പൗരാവലി

AMERICA • 02-Feb-2019 പി.പി. ചെറിയാൻ




ഡാളസ് : 71-മത് രക്തസാക്ഷിത്വ ദിനത്തിൽ മഹാത്മജിയുടെ പാവന സ്മരണക്കുമുമ്പിൽ പുഷ്പാഞ്ജലി അർപ്പിക്കുന്നതിന് ഡാളസ് ഇന്ത്യൻ പൗരാവലി ഇർവിങ്ങ് മഹാത്മാഗാന്ധി മെമ്മോറിയൽ പ്ലാസായിൽ ജനുവരി 30 രാവിലെ ഒത്തുചേർന്നു.

1948 ജനുവരി 30ന് എഴുപത്തിയെട്ടാം വയസ്സിൽ ബിർളാ ഭവനിൽ രാവിലെ നടന്ന പ്രാർത്ഥനാ യജ്ഞത്തിൽ പങ്കെടുക്കുന്നതിനിടയിൽ നാഥുറാം ഗോഡ്സെയുടെ തോക്കിൽ നിന്നും ചീറി പാഞ്ഞുവന്ന വെടിയുണ്ടകളേറ്റ് പിടഞ്ഞു മരിച്ച ഇന്ത്യയുടെ രാഷ്ട്ര പിതാവ് മഹാത്മജി ലോക ജനതയുടെ മനസ്സിൽ ഇന്നും ജീവിക്കുന്നുണ്ടെന്ന് മഹാത്മാഗാന്ധി മെമ്മോറിയൽ ചെയർമാൻ ഡോ.പ്രസാദ് തോട്ടക്കൂറ അനുസ്മരണ യോഗത്തിൽ പറഞ്ഞു.

നിരവധി ലോകനേതാക്കൾ തങ്ങളുടെ സമരങ്ങൾക്ക് നേതൃത്വം നൽകിയതെന്നും ഡോക്ടർ പറഞ്ഞു.

ഡോ.കൽവാല, അഭിജിത് റയ്ക്കർ, ജോൺ, എം.വി.എൽ.പ്രസാദ്, ഇന്ത്യൻ അസോസിയേഷൻ ലീഡർ ടി.പി.മാത്യു തുടങ്ങിയവരും അനുസ്മരണ പ്രസംഗങ്ങൾ നടത്തി.

